# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 31.01.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കം. ഇരു സഭകളുടേയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും. സാമ്പത്തിക സർവേ റിപ്പോർട്ട് ഇന്ന്.

   **The Budget Session of Parliament begins today. President Draupadi Murmu will address the joint session of both the houses. Economic Survey report to be tabled today.**

2. 2025-26 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ പാർലമെന്റിൽ അവതരിപ്പിക്കും. പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുമെന്ന പ്രതീക്ഷയിൽ കേരളം.

   **Finance Minister Nirmala Sitharaman will present the Union Budget for 2025-26 in Parliament tomorrow. Kerala expects special economic package.**

3. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. മുതിർന്ന നേതാക്കൾ ഉൾപ്പെടെ രംഗത്ത് സജീവം.

   **Political parties have intensified their campaign for the Delhi Assembly elections. Senior leaders are also active in the field.**

4. അമേരിക്കയിൽ യാത്ര വിമാനവും സൈനിക ഹെലികോപ്റ്ററും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ആരും രക്ഷപ്പെട്ടിട്ടില്ലെന്ന് സ്ഥിരീകരിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

US President Donald Trump confirmed that there were no survivors in the midair collision between an American Airlines flight, and a US Army Black Hawk helicopter in Washington,DC.

5. 38 -ാമത് ദേശീയ ഗെയിംസിൽ ഏഴ് സ്വർണവുമായി കർണാടക മുന്നേറ്റം തുടരുന്നു.

Karnataka is maintaining its first position with seven golds at the 38th National Games.

6. ഐ.എസ്.എൽ ഫുട്ബോളിൽ ചെന്നൈയിൻ എഫ്.സിക്കെതിരെ കേരളാ ബ്ലാസ്റ്റേഴ്സിന് ജയം. ഐസിസി അണ്ടർ 19 വനിതാ ട്വന്റി -20 ക്രിക്കറ്റ് ലോകകപ്പ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.

Kerala Blasters beat Chennaiyin FC in ISL football. India will face England in the semi-finals of the ICC Under-19 Women's Twenty20 Cricket World Cup today.

=========================================================

HEADLINE-1, 2

## PARLIAMENT

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കം. രാഷ്ട്രപതി ദ്രൗപതി മുർമു ഇരു സഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നതോടെയാണ് ബജറ്റ് സമ്മേളനത്തിന് തുടക്കമാകുന്നത്. രാഷ്ട്രപതിയുടെ പ്രസംഗത്തിനുശേഷം, 2024-25 കാലയളവിലെ സാമ്പത്തിക സർവേ റിപ്പോർട്ട് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പാർലമെന്റിന്റെ മേശപ്പുറത്ത് വയ്ക്കും. 2025-26 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നാളെ അവതരിപ്പിക്കും. നിർമ്മല സീതാരാമന്റെ എട്ടാം ബജറ്റ് അവതരണത്തിനാണ് പാർലമെന്റ് നാളെ വേദിയാകുന്നത്. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാർലമെന്റ് തിങ്കളാഴ്ച ചർച്ച ചെയ്യും.

******************************

HEADLINE-2a

## KN BALAGOPAL

കേന്ദ്രബജറ്റിൽ കേരളത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ് പ്രതീക്ഷിക്കുന്നതായി ധനമന്ത്രി കെ. എൻ. ബാലഗോപാൽ. വയനാടിനും, വിഴിഞ്ഞത്തിനും പ്രത്യേക സാമ്പത്തിക പാക്കേജും സംസ്ഥാനം പ്രതീക്ഷിക്കുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനുള്ള മൂലധന നിക്ഷേപ പദ്ധതികളും, തൊഴിൽ പദ്ധതികളും ബജറ്റിൽ ഉൾപ്പെടുത്തണമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.
*******************************

## ALL PARTY MEETING

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ സർവകക്ഷിയോഗം ചേർന്നു. പാർലമെന്റ് സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം സർക്കാർ യോഗത്തിൽ അഭ്യർത്ഥിച്ചു. ബജറ്റിൻമേലുള്ള ചർച്ചകൾ ഫെബ്രുവരി 13 വരെ തുടരുമെന്ന് മന്ത്രി കിരൺ റിജിജു അറിയിച്ചു. സമ്മേളന കാലയളവിൽ പരിഗണിക്കാനായി 16 ബില്ലുകൾ ഇതിനകം സഭയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.
*******************************

## MAHAKUMBH - JUDICIAL COMMISSION

മഹാകുംഭ് മേളയ്ക്കിടെ നടന്ന അപകടത്തിന്റെ കാരണം കണ്ടെത്താൻ ഉത്തർപ്രദേശ് സർക്കാർ രൂപീകരിച്ച ജുഡീഷ്യൽ കമ്മീഷൻ ഇന്ന് പ്രയാഗ്‌രാജ് സന്ദർശിക്കും. സംഭവത്തെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണം. ഭാവിയിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിനുള്ള നടപടികളും കമ്മീഷൻ ശുപാർശ ചെയ്യും. വിരമിച്ച അലഹബാദ് ഹൈക്കോടതി ജഡ്ജി ഹർഷ് കുമാറാണ് മൂന്നംഗ കമ്മീഷന്റെ തലവൻ. ഉത്തർപ്രദേശ് ചീഫ് സെക്രട്ടറി മനോജ് കുമാർ സിങ്ങും ഡിജിപി പ്രശാന്ത് കുമാറും അപകടം നടന്ന പ്രദേശം ഇന്നലെ സന്ദർശിച്ചിരുന്നു.
*******************************

## MORN. MAHAKUMBH - DM

പ്രയാഗ്‌രാജിലേക്കുള്ള വാഹന പ്രവേശനം ഫെബ്രുവരി 4 വരെ നിരോധിച്ചുവെന്ന മാധ്യമ റിപ്പോർട്ടുകൾ പ്രയാഗ്‌രാജ് ജില്ലാ മജിസ്ട്രേറ്റ് രവീന്ദ്ര കുമാർ മന്ദർ നിഷേധിച്ചു. വസന്ത പഞ്ചമിയിലെ അമൃത് സ്നാനം കണക്കിലെടുത്ത് ഫെബ്രുവരി 2, 3 തീയതികളിൽ മാത്രമേ വാഹന പ്രവേശനം നിയന്ത്രിക്കൂ എന്നും അദ്ദേഹം വ്യക്തമാക്കി.

*******************************

## VAISHNAW-AI (INTRO)

രാജ്യത്ത് എഐ സുരക്ഷാ കേന്ദ്രം ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. വരും മാസങ്ങളിൽ ഇന്ത്യ സ്വന്തമായി അടിസ്ഥാന എഐ മാതൃക സൃഷ്ടിക്കുമെന്നും ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകവെ മന്ത്രി വ്യക്തമാക്കി. ഇന്ത്യയുടെ സ്വന്തം എഐ മോഡൽ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്ന ചട്ടക്കൂട് സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

*******************************

## ECI-KEJRIWAL

യമുന നദിയിൽ വിഷം കലർത്തി എന്ന ആരോപണത്തിൽ, ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാൾ തിരഞ്ഞെടുപ്പ് കമ്മീഷന് മുന്നിൽ ഇന്ന് വിശദമായ മറുപടി സമർപ്പിക്കണം. ബിജെപി നേതൃത്വത്തിലുള്ള ഹരിയാന സർക്കാർ യമുന നദിയിൽ വിഷം കലർത്തിയതായ ആരോപണം സാധൂകരിക്കുന്ന വിധമുള്ള വിശദീകരണം നൽകണമെന്നാണ് കമ്മീഷന്റെ നിർദ്ദേശം.

*******************************

HEADLINE-3

## DELHI ELECTION

ഡൽഹിയിൽ അടുത്ത മാസം അഞ്ചിന് നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. ബിജെപി, ആം ആദ്മി, കോൺഗ്രസ് പാർട്ടികളുടെ മുൻനിര നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. മുതിർന്ന ബിജെപി നേതാവും

പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ഔട്ടർ ഡൽഹിയിലെ ദ്വാരക സബ്സിറ്റിയിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. ആം ആദ്മി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാളും സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവും ഇന്നലെ നോർത്ത് വെസ്റ്റ് ഡൽഹിയിൽ റോഡ് ഷോയിൽ പങ്കെടുത്തു.
*******************************

## MANDAVIYA-LABOUR MEETING

സംഘടിത - അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പ്രയോജനകരമാകുന്ന പരിഷ്കാരങ്ങളിൽ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവർത്തിക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി മൺസൂഖ് മാണ്ഡവ്യ. തൊഴിൽ മന്ത്രിമാരുടെയും സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സെക്രട്ടറിമാരുടെയും രണ്ട് ദിവസത്തെ ദേശീയതല യോഗത്തിന്റെ സമാപനപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.
*******************************

## JAISHANKAR- INTRO

യുവാക്കളില്ലാതെ വികസിത ഭാരതം വിഭാവനം ചെയ്യാൻ കഴിയില്ലെന്ന് കേന്ദ്രമന്ത്രി എസ് ജയശങ്കർ. യുവാക്കൾക്ക് വിവിധ മേഖലകളിൽ മികവ് പുലർത്താനുള്ള ക്രിയാത്മക സ്വാതന്ത്ര്യവും വിദ്യാഭ്യാസവും നൽകേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി സർവകലാശാലയിൽ വിവിധ കോളേജുകളിലെ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(വോയിസ്)

*******************************

HEADLINE-4

## REV. US-PLANE

അമേരിക്കയിൽ യാത്ര വിമാനവും സൈനിക ഹെലികോപ്റ്ററും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ആരും രക്ഷപ്പെട്ടിട്ടില്ലെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സ്ഥിരീകരിച്ചു.

അപകടകാരണം അന്വേഷിക്കുകയാണെന്ന് അദ്ദേഹം വൈറ്റ് ഹൗസിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. യാത്രാവിമാനത്തിൽ 64 പേരും ഹൈലികോപ്റ്ററിൽ 3 സൈനികരുമാണ് ഉണ്ടായിരുന്നത്. യാത്ര വിമാനം റീഗൻ നാഷണൽ എയർപോർട്ടിന്റെ റൺവേയിലേക്ക് പ്രവേശിക്കാൻ തുടങ്ങുമ്പോഴായിരുന്നു അപകടം.

*******************************

HEADLINE-5

## NATIONAL GAMES

38 -ാമത് ദേശീയ ഗെയിംസിൽ ഏഴ് സ്വർണവുമായി കർണാടക മുന്നേറ്റം തുടരുന്നു. ആറ് സ്വർണവുമായി മണിപ്പൂർ രണ്ടാം സ്ഥാനത്തും നാല് സ്വർണവുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളത്തിന് ഇന്നലെ രണ്ട് സ്വർണം ലഭിച്ചു. നീന്തൽ 200 മീറ്റർ ബ്രെസ്റ്റ്-സ്ട്രോക്കിൽ ഹർഷിതാ ജയറാമും, 45 കിലോഗ്രാം ഭാരോദ്വഹനത്തിൽ സുഫ്ന ജാസ്മിനുമാണ് കേരളത്തിനായി സുവർണ നേട്ടം സമ്മാനിച്ചത്. റഗ്ബിയിലും, വോളിബോളിലും കേരളത്തിന്റെ വനിതാ, പുരുഷ ടീമുകൾ ക്വാർട്ടറിൽ കടന്നു. ഖോ-ഖോ പുരുഷ വിഭാഗത്തിൽ ഉത്തരാഖണ്ഡിനെയും, ഫുട്ബോളിൽ മണിപ്പൂരിനെയും കേരളം പരാജയപ്പെടുത്തി. പോയിന്റ് പട്ടികയിൽ 8-ാം സ്ഥാനത്താണ് കേരളം.

*******************************

HEADLINE-6

## I S L

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് ചെന്നൈയിൻ എഫ്.സിയെ പരാജയപ്പെടുത്തി. ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ സിറ്റി - ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 07.30 ന് മുംബൈയിലാണ് മത്സരം.

*******************************

HEADLINE-6a

## CRICKET - ICC U19 WC

ഐസിസി അണ്ടർ 19 വനിതാ ട്വന്റി -20 ക്രിക്കറ്റ് ലോകകപ്പ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ക്വലാലംപൂരിൽ ഉച്ചയ്ക്ക് 12 മണിക്ക് മത്സരം ആരംഭിക്കും. രാവിലെ 8 മണിക്ക്, നടക്കുന്ന മറ്റൊരു സെമിയിൽ ദക്ഷിണാഫ്രിക്കയും ഓസ്ട്രേലിയയും ഏറ്റുമുട്ടും. ഞായറാഴ്ചയാണ് ഫൈനൽ.
********************************

## CRICKET-IND VS ENG T20

നാലാം ട്വന്റി-20 അന്താരാഷ്ട്ര മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ വൈകുന്നേരം 7:00 മണിക്ക് മത്സരം ആരംഭിക്കും. സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം അഞ്ച് മത്സര പരമ്പരയിൽ 2-1 ന് മുന്നിലാണ്.
********************************

## NT. ISRAEL-HAMAS EXCHANGE

ഇസ്രായേൽ - ഗാസ വെടിനിർത്തൽ കരാറിന്റെ ഭാഗമായി 110 പലസ്തീൻ തടവുകാരെ ഇസ്രായേൽ അധികൃതർ വിട്ടയച്ചു. തടവുകാരുടെ മോചനം ഇസ്രായേൽ അധികൃതർ വൈകിപ്പിച്ചതായി റിപ്പോർട്ടുകൾ പുറത്തുവന്നതിനിടെയാണ് അവരെ മോചിപ്പിച്ചത്. മൂന്ന് ഇസ്രായേലികളും അഞ്ച് തായ് പൗരന്മാരും ഉൾപ്പെടെ എട്ട് ബന്ദികളെ ഹമാസ് ഇന്നലെ മോചിപ്പിച്ചിരുന്നു.
********************************

## G R ANIL-RATION

കേരളത്തിൽ ജനുവരി മാസത്തെ റേഷൻ വിതരണം അടുത്ത മാസം 4 വരെ നീട്ടിയതായും ഫെബ്രുവരി മാസത്തെ റേഷൻ വിതരണം 6 ന് ആരംഭിക്കുമെന്നും മന്ത്രി ജി. ആർ അനിൽ. ഫെബ്രുവരി 5-ാം തീയതി മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും.

*

***************

************************************************